(ബി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്. ഇതിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന 14130 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികൾക്കുള്ള തുക ചികിത്സ നടത്തിയ ക്ലെയിം ലഭിച്ചതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ 61.70 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽനിന്നും സർക്കാർ/സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിനു പുറമെ റീഇംബേഴ്സ്മെന്റ്, പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകർക്ക് തുക, ഹീമോഫീലിയ, ഒറ്റത്തവണ സമാശ്വാസ ചികിത്സ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം (അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) 14 ജില്ലകളിൽനിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ്സ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എന്നാൽ കാലതാമസം നേരിടുന്നതിനാൽ കെ.ബി.എഫ്. പദ്ധതി പ്രകാരമുള്ള രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ഇ) ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *.

(എഫ്) ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് ഒരു സ്വതന്ത്ര ട്രസ്റ്റ്

144 (116) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന സ്ഥാപനത്തെ ഒരു സ്വതന്ത്ര ട്രസ്റ്റ് ആക്കി ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപടി സ്വീകരിച്ചിട്ടില്ല.

കാരുണ്യ ബെനവലന്റ് ഫണ്ട് ഉദ്യോഗസ്ഥർ

145 (117) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസിൽ താൽക്കാലികമായും, കോൺട്രാക്ട് വ്യവസ്ഥയിലും ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിലും ജില്ലാതലത്തിലുമായി താല്ക്കാലികാടിസ്ഥാനത്തിൽ 74 പേരും കോൺട്രാക്ട് വ്യവസ്ഥയിൽ 18 പേരും ജോലി ചെയ്യുന്നു.

(ബി) ഇല്ല.

കാരുണ്യ ബെനവലന്റ് പദ്ധതി

146 (118) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly